# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 593:** **12/06/2012- ൽ മറുപടിക്ക്**

## കാസർഗോഡ് ജില്ലയിലെ പുതിയ വ്യവസായ സംരംഭങ്ങൾ

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊതുമേഖലാ, സ്വകാര്യ മേഖല വ്യവസായങ്ങൾ ഏറ്റവും കുറഞ്ഞ കാസർഗോഡ് ജില്ലയിൽ പുതുതായി വ്യവസായങ്ങൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രസ്തുത വ്യവസായങ്ങൾ എന്നു വ്യക്തമാക്കാമോ ? | (ബി) | വ്യവസായ വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിലുള്ള ഡെവലപ്മെന്റ് പ്ലോട്ട് അനന്തപുരത്ത് 104.5 ഏക്കർ സ്ഥലം നിലവിലുള്ളതിൽ 71.9 ഏക്കർ സ്ഥലവും, ഡെവലപ്പ്മെന്റ് ഏരിയ അനന്തപുരത്ത് 108 ഏക്കർ സ്ഥലം നിലവിലുള്ളതിൽ 78.93 ഏക്കർ സ്ഥലവും, ഡെവലപ്പ്മെന്റ് പ്ലോട്ട് ചട്ടഞ്ചാലിൽ 28.5 ഏക്കർ സ്ഥലം നിലവിലുള്ളതിൽ 21.67 ഏക്കർ സ്ഥലവും പുതുതായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത വ്യവസായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഫയർവുഡ് ബോയിലർ മാനുഫാക്ചറിംഗ് ഇന്റർലോക്ക്, ഉണക്കമത്സ്യം, നാളികേരവും പാം ഓയിലും, ഫാബ്രിക്കേറ്റഡ് വസ്തുക്കൾ, സ്റ്റീൽ ഫർണിച്ചർ ക്രഷർ, നാളികേരം ഉണക്കൽ യന്ത്രം, ചകിരിനാര്, ഫ്ലോറിംഗ് ടൈൽസ്, കൊതുക് ബാറ്റ്, ബയോ മാസ്ബ്രിക്കറ്റ്, പി.വി.സി. പൈപ്പുകൾ, നാളികേര ക്രീമും പൊടിയും, ട്രീറ്റഡ് റബ്ബർ തടി, മോൾഡഡ് വാതിൽ പാളികൾ, ടി.എം.ടി.ബാറുകൾ, പ്ലൈവുഡ്, ശീതികരിച്ച ആഹാരപദാർത്ഥങ്ങൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിൽ, ഗ്രീസ്, പടക്ക നിർമ്മാണ സാമഗ്രികൾ, റബ്ബർ ചവിട്ടികൾ (മാറ്റുകൾ), ഫർണിച്ചർ, ടഫൻഡ് ഗ്ലാസ്, ഇലക്ട്രിക് കൺട്രോൾ പാനലുകൾ, കറിപൗഡർ, സി.എഫ്.എൽ. ലാമ്പ്, ഫുഡ് പ്രോഡക്ട് പെയിന്റ്, തടി അധിഷ്ഠിത ഉൽപ്പന്നങ്ങൾ എന്നിവ. |

| | | | |
|---|---|---|---|
| | | | കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലയിൽ 35 കോടി നിക്ഷേപമുള്ള 388 സൂക്ഷ്മ ചെറുകിട വ്യവസായ യൂണിറ്റുകൾ പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഏകദേശം 50 കോടി രൂപ നിക്ഷേപ സാധ്യതയുള്ള 500 സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിൽ പുതിയതായി വ്യവസായങ്ങൾ ആരംഭിക്കാൻ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്രാ) കാസർഗോഡ് ജില്ലയിലെ സീതൻഗൊല്ലിയിൽ 60 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും അവിടെ ചെറുകിട വ്യവസായ പാർക്ക് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഈ പാർക്കിൽ താഴെപ്പറയുന്ന വ്യവസായങ്ങൾക്കാണ് രൂപം നൽകുന്നത്.<br><br>കെട്ടിട നിർമ്മാണ സാമഗ്രികൾ /മര ഉരുപ്പടികൾ, ധാതു ഖനന സംബന്ധമായ വ്യവസായങ്ങൾ, വൈദ്യുതോപകരണങ്ങൾ, ഇലക്ട്രോണിക്സ്, പ്ലാസ്റ്റിക്, പേപ്പർ, റബ്ബർ, ലെതർ, ലൈറ്റ് എൻജിനീയറിംഗ്, റിപ്പയറിംഗ് സർവ്വീസും, പട്ടുനൂൽ കൃഷി, ഭക്ഷ്യ സംസ്കരണം, വസ്ത്രങ്ങൾ.<br><br>കാസർഗോഡ് ജില്ലയിൽ പിപിപി പദ്ധതി പ്രകാരം ചീമേനിയിൽ വൈദ്യുത പദ്ധതി ആരംഭിക്കുവാൻ വേണ്ടി 2000 ഏക്കർ സ്ഥലം അനുവദിക്കുകയും, ഇതിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) ആ സ്ഥലം ഏറ്റെടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി കേരള സർക്കാർ 1200MW വാതകം ഉപയോഗിച്ചുള്ള വൈദ്യുത പദ്ധതി സ്ഥാപിക്കുവാനുള്ള അനുമതി നൽകുകയും ഗെയിൽ ഇന്ത്യ ലിമിറ്റഡുമായി ഗ്യാസ് സെയിൽ ഉടമ്പടിക്കു വേണ്ടി കേന്ദ്ര അനുമതി തേടുകയും ചെയ്തു. |

**സെക്ഷൻ ഓഫീസർ**